**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 393** **29.06.2015-ൽ മറുപടിയ്ക്ക്**

# വൈദ്യുതി വാങ്ങിയ ഇനത്തിൽ അധികം ചെലവായ തുക.

**ചോദ്യം**

ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി. ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ :

(എ) 2014 ഏപ്രിൽ മുതൽ ജൂൺ വരേയും ജൂലായ് മുതൽ ആഗസ്റ്റ് വരേയും വൈദ്യുതി വാങ്ങിയ ഇനത്തിൽ അധികം ചെലവായ തുക എത്ര ;

(ബി) ഈ തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിന് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ ഈടാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) & (ബി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (കെ.എസ്.ഇ.ആർ. സി.) ഇലക്ട്രിസിറ്റി ആക്ട് -2003 ലെ വ്യവസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിച്ചിട്ടുള്ള ഇന്ധന സർചാർജ്ജ് റഗുലേഷൻ 2010 -ന് വിധേയമായി, കേരളാ സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), 2014 ഏപ്രിൽ മുതൽ 2014 ജൂൺ വരെയുള്ള കാലയളവിലേയ്ക്ക്, സംസ്ഥാന റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ, 32.39 കോടി രൂപ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്.

ഈ തുക ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട്. 21.10.2014 -ൽ കമ്മീഷൻ മുമ്പാകെ ബോർഡ് പെറ്റീഷൻ സമർപ്പിച്ചിരുന്നു. ഇതിന്മേൽ 08.01.2015 —ലെ ഉത്തരവു പ്രകാരം തീർപ്പു കല്പിക്കുകയും 32.05 കോടി രൂപ അധിക ബാധ്യതയായി. അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക ഉടനടി ഇന്ധന സർചാർജ്ജായി ഈടാക്കുന്നതിന് കമ്മീഷൻ അംഗീകാരം നൽകിയിട്ടില്ല. എന്നാൽ ടി തുക, വരും വർഷങ്ങളിൽ കമ്മീഷൻ അംഗീകരിക്കുന്ന ഇന്ധന സർചാർജ്ജിനോടൊപ്പം ഈടാക്കുവാൻ അനുവദിച്ചുകൊണ്ട്

ഉത്തരവായിട്ടുണ്ട്.

കൂടാതെ 2014 ജൂൺ മുതൽ 2014 സെപ്റ്റംബർ വരെയുള്ള കാലയളവിലേയ്ക്ക്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ, ഇന്ധനവിലയിലുണ്ടായ അധിക ബാധ്യതയായ 34.95 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട്, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 25.11.2014 -ൽ കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ഇതിന്മേൽ 13.05.2015-ൽ കമ്മീഷൻ, പൊതുതെളിവെടുപ്പ് (Public Hearing) നടത്തിയെങ്കിലും, അന്തിമ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ.**